## പാഠം / Lesson - 2

# സുവിശേഷങ്ങളുടെ പ്രത്യേകതകൾ
# CHARACTERISTICS OF GOSPELS

**വായനഭാഗം / Scripture Portions**

ലൂക്കൊസ് 1:1-4; യോഹന്നാൻ 20:31-31

Luke. 1:1-4; Jn. 20:31-31

*മനഃപാഠം / Memory Verse* : **2 തിമൊ: 2:8 / 2 Tim. 2:8**

"ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക.."

"Remember Jesus Christ, risen from the dead, descended from David, as preached in my gospel"

**ലക്ഷ്യം :**

സുവിശേഷങ്ങളുടെ താരതമ്യ പഠനം മൂലം യേശുക്രിസ്തു പൂർണ്ണദൈവവും വാഗ്ദത്ത മശിഹയും ആണെന്ന് വിശ്വസിക്കുകയും ചെയ്യുക.

**മുഖവുര :**

നാലു സുവിശേഷങ്ങളിലെയും ഉള്ളടക്കം യേശുക്രിസ്തുവിന്റെ ജനനം, പരസ്യശുശ്രൂഷ, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നിങ്ങനെയുള്ള തന്റെ ഐഹിക ജീവിതവൃത്താന്തങ്ങളത്രേ. നാലു ഗ്രന്ഥങ്ങളും യേശുക്രിസ്തുവിനെ വെളിപ്പെടുത്തുന്നതുകൊണ്ടാണ് അവയ്ക്ക് സുവിശേഷങ്ങൾ എന്ന പേർ വന്നത്. സുവിശേഷ എഴുത്തുകാർ നാലുപേരും യേശുവിന്റെ പ്രവർത്തനങ്ങളിൽ നിന്ന് അവരവർ പ്രത്യേകം തിരഞ്ഞെടുത്ത വൃത്താന്തങ്ങളത്രേ രേഖപ്പെടുത്തിയിരിക്കുന്നത്. സംഭവങ്ങൾ കാലക്ര

**Objective :**

To believe Jesus is the complete God and promised Messiah

**Introduction :**

The contents of the four gospels are birth of Jesus, his public ministry, death, resurrection and ascension to heaven. The gospels are named so because all of them tell about Jesus Christ's life and ministry. Gospel writers record the history of Jesus based on their experiences. Each one chooses specific events in the life of Jesus Christ. They did not try to record the events in the order of its happenings.

മത്തിനനുസരിച്ച് രേഖപ്പെടുത്തുന്നതിന് ശ്രമിച്ചിട്ടുമില്ല. നാലു സുവിശേഷങ്ങളിലെയും ഉള്ളടക്കത്തിൽ അനുസരണമായ വ്യത്യാസം കാണുന്നുണ്ട്. എന്നാൽ എല്ലാ സുവിശേഷകരും ഒരുപോലെ യേശുവിന്റെ മരണവും പുനരുത്ഥാനവും പ്രത്യേക പ്രാധാന്യം നൽകി വിവരിക്കുന്നുണ്ട്. കാരണം ക്രിസ്തുവിന്റെ മരണത്താലും ഉയിർത്തെഴുന്നേല്പിനാലും അത്രേ മനുഷ്യന്റെ വീണ്ടെടുപ്പ് സാധിച്ചത്.

## സുവിശേഷങ്ങളുടെ പ്രത്യേകതകളും അവയെക്കുറിച്ചുള്ള ലഘുപഠനവും

നാലു സുവിശേഷങ്ങളും നാലുവിധ ജനവിഭാഗങ്ങൾക്കുവേണ്ടിയാണ് എഴുതപ്പെട്ടത്. ഓരോ സുവിശേഷവും ആർക്കുവേണ്ടി, അവരുടെ പ്രത്യേകതകളും അഭിരുചികളും സുവിശേഷങ്ങളിൽ എങ്ങനെ പ്രതിഫലിച്ചിരിക്കുന്നു എന്ന് ഹ്രസ്വമായി പരിശോധിക്കാം.

**മത്തായി :** ഈ സുവിശേഷം യെഹൂദന്മാരെ പ്രത്യേകമായി ഉദ്ദേശിച്ച് എഴുതപ്പെട്ടതാണ്. ഒന്നാമതായി യഹൂദന്മാർ ചിരകാലമായി പ്രതീക്ഷിച്ചുകൊണ്ടിരുന്ന ദാവീദുപുത്രനായ മശിഹാ യേശു തന്നെയാണെന്നും പഴയനിയമ പ്രവചനങ്ങൾ യേശുവിൽ നിറവേറിയെന്നും തെളിയിക്കുക എന്നതാണ് ലക്ഷ്യം. അതിനായി പഴയനിയമത്തിൽ നിന്നും 29 ഉദ്ധരണികൾ ഉപയോഗിക്കുകയും പ്രവാചകന്മാർ മുഖാന്തരം അരുളി ചെയ്തത് നിവൃത്തിയാകുവാൻ ഇടവന്നു എന്ന് 13 പ്രാവശ്യം എഴുതിയിരിക്കുകയും ചെയ്തിരിക്കുന്നു. രണ്ടാമതായി യെഹൂദന്മാർ പ്രതീക്ഷിച്ചുകൊണ്ടിരുന്നത് ദാവീദിന്റെ സിംഹാസനത്തിൽ വാഴുന്ന രാജാവിനെയായിരുന്നു. അതുകൊണ്ട് മത്തായി യേശുക്രിസ്തുവിനെ രാജാവായി വെളിപ്പെടുത്തുന്നു (മത്താ. 2:2; 2:6, 25; 25:31-34; 27:35-37).

**മർക്കൊസ് :** ഈ സുവിശേഷം പ്രധാനമാ

Four gospels slightly differ from each other and they give equal emphasis on the death and resurrection of Jesus Christ. It is because of the redemptive act of Jesus is possible through his death and resurrection.

## CHARACTERISTICS OF GOSPELS AND A BRIEF STUDY OF THEM

Four Gospels are addressed to four different groups of people. Let us examine briefly about the intentions of writers, their aspirations and how they are reflected in gospels.

**Matthew :**

The gospel of Matthew is intended for the Jewish community. Primarily, Matthew had to prove that Jesus is the expected Messiah, the son of David, and also to emphasize that all prophecies of Old Testament have been fulfilled in Jesus. So he uses 29 quotes from Old Testament and wrote 'the prophecies are fulfilled' in 13 times. Secondly, Jews expected a king who would rule in the throne of David. That is why; Matthew emphasizes Jesus as King (Mt. 2:2; 2:6, 25; 25:31-34; 27:35-37).

**Mark :**

The Gospel of Mark is mainly addressed to the Romans. The

യി റോമാക്കാരെ ഉദ്ദേശിച്ച് എഴുതിയതാണ്. അവർ പ്രവർത്തന നിരതരും, അനുസരണ വും, സേവനവും ജീവിതലക്ഷ്യമായി കരുതിയിരുന്നവരായിരുന്നു. അതിനാൽ യേശുവിനെ കർമ്മനിരതനായ ദാസനായി ചിത്രീകരിച്ചിരിക്കുന്നു. ഈ സുവിശേഷത്തിൽ വംശാവലിയോ, ജനനവൃത്താന്തമോ രേഖപ്പെടുത്താതെ യേശുവിന്റെ പരസ്യപ്രവർത്തനങ്ങളുടെ കാര്യമാണ് ആരംഭം മുതൽ രേഖപ്പെടുത്തിയിരിക്കുന്നത്. അയച്ചവന്റെ ഇഷ്ടം അനുസരണപൂർവ്വം പൂർണ്ണമായി നിറവേറ്റുന്ന ദാസനായി (മർക്കൊ. 10:45) യേശുവിനെ അവതരിപ്പിച്ചിരിക്കുന്നു. പ്രസംഗങ്ങളോ ഉപമകളോ ഇതിൽ അധികം കാണുന്നില്ല.

**ലൂക്കൊസ് :** വിജാതിയനായ ലൂക്കൊസ് തന്റെ സുവിശേഷം സംസ്കാര സമ്പന്നരും തത്വചിന്തകന്മാരും ആദർശവാദികളുമായ യവനന്മാരെ ഉദ്ദേശിച്ചാണ് എഴുതിയത്. അതിനാൽ യേശുവിനെ ഈ സുവിശേഷത്തിൽ സമ്പൂർണ്ണതയുള്ള മനുഷ്യനായാണ് ചിത്രീകരിച്ചിരിക്കുത് (ലൂക്കൊ.2:52). യവന്മാർ സംസ്കാരത്തിലും ആദർശത്തിലും സമ്പൂർണ്ണതയുള്ള മനുഷ്യനെയാണ് വിലമതിച്ചിരിക്കുന്നത്. സൃഷ്ടിതാവായ ദൈവം ലോകത്തിൽ അവതരിച്ചത് പാപം ഒഴികെ മറ്റെല്ലാറ്റിലും നമുക്ക് തുല്യനായിട്ടായിരുന്നു. സ്വഭാവികമായ രീതിയിൽ ഒരു ബാലകൻ എന്ന നിലയിൽ അമ്മയപ്പന്മാർക്ക് കീഴടങ്ങി ജ്ഞാനത്തിലും വളർച്ചയിലും മുതിർന്നു വന്നതും യെരുശലേമിനെക്കുറിച്ച് കരയുന്നതും ഗത്സെമനെയിൽ പ്രാണവേദനയിൽ പ്രാർത്ഥിക്കുന്നതും ഈ ഉദ്ദേശത്തോടെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

**യോഹന്നാൻ :** വിവിധ ജനവിഭാഗങ്ങളിൽ നിന്നും സുവിശേഷം അംഗീകരിച്ച് ദൈവസഭയോടു ചേർന്നവരെ ഉദ്ദേശിച്ചാണ്. ഈ സുവിശേഷം രചിക്കപ്പെട്ടത്. ക്രിസ്തുവിന്റെ ദൈവത്വവും അവൻ വാഗ്ദത്ത മശിഹായായ ദൈവപുത്രനാണെന്നും തെളിയിക്കു

Romans were hard working, obedient and they served the society. So Jesus is depicted as the servant who is very active and hard working. The gospel does not include the genealogy and birth history of Jesus. From the very beginning of the gospel, it narrates the public ministry of Jesus. Jesus is presented in this gospel as the servant who accomplished the will of God, who sent him to the earth (Mk. 10:45). We do not see much sermons or parables in this gospel.

**Luke :**

Luke was a gentile, and he addressed the gospel to the gentiles who were cultured and philosophers. Jesus is described as a complete man (Lk.2:52). It was considered that gentiles were cultured and disciplined. The creator God incarnated into earth, and he was almost like a human being except in the matter of sin. He was obedient to the parents. He could grow in wisdom, and mourn over Jerusalem. He prayed painfully at Gethsemane. All these events are recorded in the gospel in order to reveal the manhood of Jesus.

**John :**

The gospel of John is addressed to all believers, who joined the church from all communities. John's intention

ക എന്നതാണ് ലക്ഷ്യം (യോഹ. 1:118; 1:49; 2:11; 3:36; 4:26; 5:25; 6:69; 10:36; 11:27 മുതലായ വാക്യങ്ങൾ നോക്കു ക). ഈ ലക്ഷ്യത്തോടെ മറ്റ് മൂന്ന് സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിട്ടില്ലാത്ത പല അത്ഭുതങ്ങളും സംഭവങ്ങളും സുപ്രധാന ഉപദേശങ്ങളും ഉൾപ്പെടുത്തുകയും എന്നാൽ ക്രിസ്തുവിന്റെ വംശാവലി, ബാല്യം, പരീക്ഷകൾ, എന്നീ വിഷയങ്ങൾ വിട്ടുകളയുകയും ചെയ്തിരിക്കുന്നു.

സുവിശേഷ എഴുത്തുകാരിൽ ഓരോരുത്തർ മാത്രം രേഖപ്പെടുത്തിയിരിക്കുന്ന വസ്തുതകൾ നിരവധിയാണ്. നാലു സുവിശേഷങ്ങളും ഒരുമിച്ച് പഠിക്കുമ്പോൾ യേശുക്രിസ്തുവിനെ സംബന്ധിച്ച് സാമാന്യം സമ്പൂർണ്ണരൂപം നമുക്ക് ലഭിക്കുന്നു.

is to prove Jesus as the promised Messiah and the son of God (Jn. 1:18; 1:49; 2:11; 3:36; 4:26; 5:25; 6:69; 10:36; 11:27). Keeping this in mind, he includes miracles and events which have not been mentioned in remaining three gospels. He also gives important teachings. He ignores Jesus' genealogy, infancy and temptations. There are a number of realities recorded by each writer of the gospels. We will get a complete picture of Jesus' life when we study all gospels together.

## പ്രവൃത്തി പരിചയം / Activity

1. സുവിശേഷങ്ങളുടെയെല്ലാം പൊതുവായ പ്രധാന വിഷയം എന്ത് ?
   What is the common subject or topic of the gospels?

2. നാലു സുവിശേഷകന്മാരിൽ ഓരോരുത്തർ മാത്രം രേഖപ്പെടുത്തിയിരിക്കുന്ന സംഗതികൾ കണ്ടുപിടിച്ച് ഒരു പട്ടിക തയ്യാറാക്കുക.
   Prepare a schedule of the records of events that are specifically mentioned by each writer.

| സുവിശേഷങ്ങൾ/ Gospel | ഈ സുവിശേഷത്തിൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്ന സംഗതികൾ/ Events mentioned only in this gospel |
|---|---|
| മത്തായി Matthew | |
| മർക്കൊസ് Mark | |
| ലൂക്കൊസ് Luke | |
| യോഹന്നാൻ John | |

3. എന്തുകൊണ്ടാണ് നാലു സുവിശേഷങ്ങളിലെയും ഉള്ളടക്കം വ്യത്യസ്തമായിരിക്കുന്നത് ?
Why does the content of each gospel differ from one another ?

4. നാലു സുവിശേഷങ്ങളുടെയും ഉദ്ദേശ്യം പ്രത്യേകത, ആർക്കു വേണ്ടി എഴുതി എന്നിവ ചുവടെ ചേർത്തിരിക്കുന്ന ചാർട്ടിൽ എഴുതുക

Write down the characteristics, objectives of gospels and to whom each gospel is addressed to in given chart.

| സുവിശേഷങ്ങൾ/ **Gospel** | സുവിശേഷം ആർക്കു വേണ്ടി എഴുതപ്പെട്ടു / **To whom it is written** | അവരുടെ പ്രത്യേകതകൾ എന്തെല്ലാം? / **What are their characteristics?** | അത് സുവിശേഷ രചനയിൽ എപ്രകാരം പ്രതിഫലിച്ചു / **How they are reflected in gospel writing?** |
|---|---|---|---|
| മത്തായി **Matthew** | | | |
| മർക്കൊസ് **Mark** | | | |
| ലൂക്കൊസ് **Luke** | | | |
| യോഹന്നാൻ **John** | | | |